കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന എം.കെ.എസ്.പി പ്രകാരമുള്ള നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനപരിഷ്കരണത്തിന് മുൻകാല പ്രാബല്യം നൽകി ഉത്തരവാകുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ)നം.68/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 24.03.2017.**

=====================================================================

പരാമർശം: 1. സ.ഉ(കൈ)നം.243/13/തസ്വഭവ തീയതി 04.07.2013.

2. സ.ഉ(പി)നം.28/16/ഫിൻ തീയതി 26.02.2016.

3. സ.ഉ.(കൈ)നം.58/2017/തസ്വഭവ തീയതി 17.03.2017.

4. കരാർ ജീവനക്കാരുടെ പ്രതിനിധി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് 21.03.17 തീയതിയിൽ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന എം.കെ.എസ്.പി പ്രകാരമുള്ള നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പരാമർശം (3) പ്രകാരം പരിഷ്കരിക്കുകയുണ്ടായി. പ്രസ്തുത പരിഷ്കരണത്തിന് 01.04.2016 മുതൽ മുൻകാല പ്രാബല്യം അനുവദിക്കണമെന്ന് വനിതാ ലേബർ ബാങ്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ കരാർ ജീവനക്കാർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പരാമർശം (3) ലെ ഉത്തരവ് പ്രകാരമുള്ള വേതനവർദ്ധനവിന് 01/04/2016 മുതൽ പ്രാബല്യം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ധനകാര്യവകുപ്പ്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്